എ.വൈ.ആർ

സൂറ-13

# അർറഅ്ദ്

وَٱلَّذِينَ يَنقُضُونَ عَهْدَ ٱللَّهِ مِنۢ بَعْدِ مِيثَـٰقِهِۦ وَيَقْطَعُونَ مَآ أَمَرَ
ٱللَّهُ بِهِۦٓ أَن يُوصَلَ وَيُفْسِدُونَ فِى ٱلْأَرْضِ ۙ أُو۟لَـٰٓئِكَ لَهُمُ ٱللَّعْنَةُ وَلَهُمْ
سُوٓءُ ٱلدَّارِ ٢٥
ٱللَّهُ يَبْسُطُ ٱلرِّزْقَ لِمَن يَشَآءُ وَيَقْدِرُ ۚ وَفَرِحُوا۟ بِٱلْحَيَوٰةِ ٱلدُّنْيَا وَمَا ٱلْحَيَوٰةُ
ٱلدُّنْيَا فِى ٱلْـَٔاخِرَةِ إِلَّا مَتَـٰعٌ ٢٦
وَيَقُولُ ٱلَّذِينَ كَفَرُوا۟ لَوْلَآ أُنزِلَ عَلَيْهِ ءَايَةٌ مِّن رَّبِّهِۦ ۗ قُلْ إِنَّ ٱللَّهَ يُضِلُّ مَن
يَشَآءُ وَيَهْدِىٓ إِلَيْهِ مَنْ أَنَابَ ٢٧
ٱلَّذِينَ ءَامَنُوا۟ وَتَطْمَئِنُّ قُلُوبُهُم بِذِكْرِ ٱللَّهِ ۗ أَلَا بِذِكْرِ ٱللَّهِ تَطْمَئِنُّ
ٱلْقُلُوبُ ٢٨
ٱلَّذِينَ ءَامَنُوا۟ وَعَمِلُوا۟ ٱلصَّـٰلِحَـٰتِ طُوبَىٰ لَهُمْ وَحُسْنُ مَـَٔابٍ ٢٩

**25** എന്നാൽ അല്ലാഹുവിനോടുള്ള പ്രതിജ്ഞ ദൃഢീകരിച്ച ശേഷവും ലംഘിക്കുകയും അവൻ ചേർക്കാൻ കൽപിച്ചതിനെ ഛേദിക്കുകയും ഭൂമിയിൽ നാശം പരത്തുകയും ചെയ്യുന്നവർക്കുള്ളത് ശാപമാകുന്നു. ദോഷകരമായ ഭവനവും അവർക്കുള്ളതാകുന്നു.

**26** അല്ലാഹു ഇഛിക്കുന്നവർക്ക് വിഭവങ്ങൾ വിപുലമായി കൊടുക്കുന്നു. അവനിഛിക്കുന്നവർക്ക് പരിമിതപ്പെടുത്തുകയും ചെയ്യുന്നു. ഭൗതിക ജീവിതം കൊണ്ട് നിഗളിക്കുകയാണീ ജനം. ഭൗതിക ജീവിതമോ, പരലോകത്തെ അപേക്ഷിച്ച് തുഛ വിഭവം മാത്രമാകുന്നു.

**27** മുഹമ്മദീയ ദൗത്യം നിഷേധിച്ചവർ, ഇയാൾക്ക് നാഥങ്കൽനിന്ന് ഒരു ദൃഷ്ടാന്തം അവതരിക്കാത്തതെന്ത് എന്ന് ചോദിക്കുന്നുണ്ടല്ലോ. പ്രവാചകൻ പറയുക: അല്ലാഹു ഇഛിക്കുന്നവരെ വഴിതെറ്റിക്കുന്നു. സത്യത്തിലേക്കു മടങ്ങാനാഗ്രഹിച്ചവരെ മാത്രമേ അവൻ സന്മാർഗദർശനം ചെയ്യൂ.

**28** അത്തരക്കാർ പ്രവാചക സന്ദേശം സ്വീകരിച്ചവരും ദൈവസ്മരണയാൽ മനശ്ശാന്തി നേടുന്നവരുമാകുന്നു. അറിഞ്ഞിരിക്കുവിൻ, ദൈവ സ്മരണയാൽ മാത്രമാകുന്നു മനസ്സുകൾ പ്രശാന്തമാകുന്നത്.

**29** സത്യപ്രബോധനം സ്വീകരിക്കുകയും സൽക്കർമങ്ങളാചരിക്കുകയും ചെയ്തവർക്ക് മംഗളാശംസകൾ! അവർക്കുള്ളതാകുന്നു സൗഭാഗ്യകരമായ പരിണതി.

وَٱلَّذِينَ يَنقُضُونَ = ലംഘിക്കു(കയും)ന്നവർ عَهْدَ ٱللَّهِ = അല്ലാഹുവി(വുമായുള്ള)ന്റെ പ്രതിജ്ഞ
مِنۢ بَعْدِ مِيثَـٰقِهِۦ = അതിന്റെ ദൃഢീകരണ ശേഷം(ദൃഢീകരിച്ചശേഷവും) وَيَقْطَعُونَ = ഛേദിക്കുന്നവരും(ക്കുകയും)
مَآ أَمَرَ ٱللَّهُ بِهِۦٓ أَن يُوصَلَ = ഏതുകൊണ്ട് അല്ലാഹു ചേർക്കാൻ കൽപിച്ചുവോ അതിനെ(അല്ലാഹു ചേർക്കാൻ കൽപിച്ചതിനെ)
وَيُفْسِدُونَ = നശിപ്പിക്കുന്നവരും(നാശം പരത്തുകയും ചെയ്യുന്നവർ) فِى ٱلْأَرْضِ = ഭൂമിയിൽ
أُو۟لَـٰٓئِكَ لَهُمُ = അക്കൂട്ടർ, അവർക്കുള്ളത് ആകുന്നു ٱللَّعْنَةُ = ശാപം وَلَهُمْ = അവർക്കുള്ളതാകുന്നു

سُوٓءُ ٱلدَّارِ= ദോഷകരമായ ഭവനം ٱللَّهُ يَبۡسُطُ= അല്ലാഹു പരത്തുന്നു(വിപുലമായി കൊടുക്കുന്നു) ٱلرِّزۡقَ= (ഭൗതിക)വിഭവം

لِمَن يَشَآءُ= അവൻ ഇഛിക്കുന്നവർക്ക് وَيَقۡدِرُ= അവനിഛിക്കുന്നവർക്ക്(അത്)പരിമിതപ്പെടുത്തുകയും ചെയ്യുന്നു

وَفَرِحُواْ= അവർ ആഹ്ലാദിച്ചു(ഈ ജനം നിഗളിക്കുകയാണ്) بِٱلۡحَيَوٰةِ ٱلدُّنۡيَا= ഭൗതിക ജീവിതം കൊണ്ട്(ത്തിലെ നേട്ടങ്ങളിൽ)

وَمَا ٱلۡحَيَوٰةُ ٱلدُّنۡيَا= ഭൗതികജീവിതം അല്ല(ആകുന്നു) فِى ٱلۡأٓخِرَةِ= പരലോകത്തിൽ(കത്തെ അപേക്ഷിച്ച്)

إِلَّا مَتَٰعٌ= ഒരു ചരക്ക് അല്ലാതെ(തുഛ വിഭവം മാത്രം) وَيَقُولُ ٱلَّذِينَ كَفَرُواْ= (മുഹമ്മദീയ ദൗത്യം) നിഷേധിച്ചവർ പറയുന്നു(ചോദിക്കുന്നുണ്ടല്ലോ)

لَوۡلَآ أُنزِلَ عَلَيۡهِ= എന്തുകൊണ്ട് അവന്റെ മേൽ(ഇയാൾക്ക്)ഇറക്കപ്പെടാത്തത്(അവതരിക്കാത്തത്) ءَايَةٌ= ഒരു ദൃഷ്ടാന്തം, ദിവ്യാത്ഭുതം

مِّن رَّبِّهِۦ= അവന്റെ നാഥങ്കൽനിന്ന് قُلۡ= (പ്രവാചകൻ) പറയുക إِنَّ ٱللَّهَ= തീർച്ചയായും അല്ലാഹു يُضِلُّ= വഴിതെറ്റിക്കുന്നു

مَن يَشَآءُ= അവൻ ഇഛിക്കുന്നവരെ وَيَهۡدِىٓ= അവൻ മാർഗദർശനം ചെയ്യുന്നു(ചെയ്യൂ)

إِلَيۡهِ= അവരിലേക്ക് مَنۡ أَنَابَ= മടങ്ങിയവരെ(സത്യത്തിലേക്ക് മടങ്ങാനാഗ്രഹിച്ചവരെ)

ٱلَّذِينَ ءَامَنُواْ= വിശ്വസിച്ചവർ(അത്തരക്കാരാകുന്നു പ്രവാചക സന്ദേശം സ്വീകരിച്ചവരും)

وَتَطۡمَئِنُّ قُلُوبُهُم= അവരുടെ മനസ്സുകൾ അടങ്ങുന്നു(മനശ്ശാന്തി നേടുന്നവരും) بِذِكۡرِ ٱللَّهِۗ= ദൈവസ്മരണയാൽ

أَلَا= അറിഞ്ഞിരിക്കുവിൻ بِذِكۡرِ ٱللَّهِ= ദൈവസ്മരണയാൽ(ആകുന്നു) تَطۡمَئِنُّ= പ്രശാന്തമാകുന്നു(ന്നത്)

ٱلۡقُلُوبُ= മനസ്സുകൾ ٱلَّذِينَ ءَامَنُواْ= വിശ്വസിച്ചവർ(സത്യപ്രബോധനം സ്വീകരിക്കുകയും)

وَعَمِلُواْ ٱلصَّٰلِحَٰتِ= സൽകർമങ്ങളാചരിക്കുകയും ചെയ്തവർ طُوبَىٰ لَهُمۡ= അവർക്ക് മംഗളാശംസകൾ

وَحُسۡنُ مَـَٔابٍ= മടക്കത്തിന്റെ നന്മയും(അവർക്കുള്ളതാകുന്നു സൗഭാഗ്യകരമായ പരിണതി)

**25:** മുൻസൂക്തങ്ങളിൽ ദൈവികസന്ദേശം സത്യമായി അംഗീകരിച്ചവരുടെ ഭൗതിക ജീവിതത്തിൽ അതുചെലുത്തിയ സ്വാധീനവും അവരുടെ മരണാനന്തര സൗഭാഗ്യവും പ്രസ്താവിച്ച ശേഷം സത്യസന്ദേശം തള്ളിക്കളഞ്ഞവരുടെ സ്വഭാവവും അവരുടെ മരണാനന്തര ദൗർഭാഗ്യവും പരാമർശിക്കുകയാണീ സൂക്തം. അവർ അല്ലാഹുവുമായുള്ള പ്രതിജ്ഞ ലംഘിക്കുന്നവരാണ്. അതായത്, മനസാക്ഷിയുടെ ശബ്ദം കേൾക്കാൻ കൂട്ടാക്കുകയില്ല. അന്തരാളത്തിൽ അല്ലാഹു നിക്ഷേപിച്ച സദ്ബോധത്തെ അടിച്ചമർത്തുകയും ആസക്തികൾക്കും ആർത്തികൾക്കും ശക്തിപകരുകയും ചെയ്യുന്നു. عهد ന്റെ പര്യായമാണ് ميثاق എന്ന് നേരത്തെ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ مِنۢ بَعۡدِ مِيثَٰقِهِۦ എന്ന വാക്യത്തിൽ عهد ന്റെ പര്യായമായിട്ടല്ല ميثاق ഉപയോഗിച്ചിട്ടുള്ളത്, وثق എന്ന ക്രിയയുടെയോ അതിന്റെ സകർമക രൂപമായ أوثقയുടെയോ നാമപദമായിട്ടാണ്. وثق എന്നാൽ ഉറപ്പുള്ളതായി, ഭദ്രമായി. ദൃഢമാവൽ അല്ലെങ്കിൽ ഉറപ്പിക്കൽ ആണിവിടെ ميثاق. അല്ലാഹുവുമായുള്ള കരാറിന്റെ ദൃഢീകരണം കൊണ്ടുദ്ദേശ്യം രണ്ടു കാര്യങ്ങളാണ്. മനുഷ്യന്റെ മനസാക്ഷിയെ- അതുൾക്കൊള്ളുന്ന സത്യബോധത്തെ ഉണർത്താൻ പര്യാപ്തമായ പ്രാപഞ്ചിക ദൃഷ്ടാന്തങ്ങളാണ് ഒന്ന്. രണ്ടാമത്തേത് പ്രവാചകന്മാരുടെ പ്രബോധനവും വേദപ്രമാണങ്ങളും. 21-ാം സൂക്തത്തിൽ يَصِلُونَ مَآ أَمَرَ ٱللَّهُ بِهِۦٓ أَن يُوصَلَ എന്നു പറഞ്ഞതിന്റെ നേർവിപരീതമാണ് وَيَقۡطَعُونَ مَآ أَمَرَ ٱللَّهُ بِهِۦٓ أَن يُوصَلَ. അല്ലാഹുവുമായും സ്വന്തം കുടുംബവുമായും സമുദായവുമായും മനുഷ്യരാശിയുമായും പ്രകൃതിയുമായും അല്ലാഹു സ്ഥാപിക്കാനാവശ്യപ്പെട്ട ബന്ധം വിഛേദിക്കുന്നവർ. എന്നിട്ടവർ സ്വന്തം അഭിനിവേശങ്ങളും ഭ്രമങ്ങളും താൽപര്യപ്പെടുന്ന ബന്ധങ്ങളുണ്ടാക്കുന്നു. അതിന്റെ ഫലം മാനുഷിക ബന്ധങ്ങളിൽ നൈതികതയും ധാർമികതയും താറുമാറാവുകയും ലോകത്ത് അസമാധാനവും അസ്വസ്ഥതയും കുഴപ്പങ്ങളും നടമാടുകയുമായിരിക്കും. അതിനാൽ സത്യസന്ദേശം തള്ളിക്കളയുന്നവർ അഭിശപ്തരാകുന്നു. അവരുടെ പാരത്രിക പരിണതി നരകമാണ്. عُقۡبَى ٱلدَّارِ എന്നാണ് മൂലവാക്ക്. നേരത്തെ പറഞ്ഞ سُوٓءُ ٱلدَّارِന്റെയും حُسۡنُ مَـَٔابٍ ന്റെയും വിപരീതമാണിത്. ഭാഷാർഥത്തിൽ ഭവനദോഷം, ദുർഭവനം എന്നിങ്ങനെയും തർജമ ചെയ്യാം.

**26:** ഈ സൂക്തത്തിന്റെ ആദ്യഖണ്ഡത്തിന്റെ പൂർണരൂപം يَبۡسُطُ ٱلرِّزۡقَ لِمَن يَشَآءُ وَيَقۡدِرُ لِمَن يَشَآءُ എന്നാണ്. ഉച്ചരിക്കാതെ തന്നെ അർഥം സ്പഷ്ടമാകുന്നതുകൊണ്ട് രണ്ടാമത്തെ لِمَن يَشَآءُ അനുക്തമാക്കിയിരിക്കുന്നു. കണക്ക്, തോത് എന്ന് അർഥമുള്ള قدر ന്റെ ക്രിയാരൂപമാണ് قَدَرَ. പരിമിതമാക്കി, സങ്കുചിതമാക്കി എന്നാണ് പ്രയോഗാർഥം. കണക്കാക്കി, തോത് നിശ്ചയിച്ചു എന്ന അർഥത്തിലുള്ള ക്രിയാപദം قَدَّرَ എന്നാണ്. متاع ന് അനുഭവം, ആസ്വാദനം എന്നും, ചരക്ക്, ഉപഭോഗവസ്തു എന്നും അർഥമുണ്ട്. ഈ അർഥങ്ങളെല്ലാം പ്രകൃത സന്ദർഭത്തിൽ സാധുവാകുന്നു. നിർണയിക്കപ്പെടാതെ متاع എന്നുമാത്രം പറഞ്ഞത് അതിന്റെ തുഛതയെ സൂചിപ്പിക്കുന്നു.

സത്യനിഷേധത്തിന്റെയും ധർമധിക്കാരത്തിന്റെയും യഥാർഥ കാരണത്തിലേക്ക് വെളിച്ചം വീശുകയാണീ സൂക്തം. അസത്യത്തിനും അധർമത്തിനും നേതൃത്വം നൽകുന്നത് സമ്പന്ന വർഗമാണ്. ഭൗതികമായ സമ്പൽസമൃദ്ധിയിൽ വഞ്ചിതരായവുകയാണവർ. ധനത്തെയും സുഖഭോഗങ്ങളെയും തങ്ങളുടെ എല്ലാ ചെയ്തികൾക്കും ന്യായമായി അവർ കാണുന്നു. തങ്ങൾ പാപികളാണെങ്കിൽ, അല്ലെങ്കിൽ ദൈവത്തിന് തങ്ങളോട് വല്ല നീരസവുമുണ്ടെങ്കിൽ അവൻ തങ്ങൾക്കീ സമൃദ്ധിയും സൗകര്യങ്ങളും പ്രദാനം ചെയ്യുമോ? അവന്റെ ഭക്തരും ആരാധകരുമെന്നവകാശപ്പെട്ട് സന്മാർഗികളും നീതിമാന്മാരുമായി നടക്കുന്നവരാണ് ഇവിടെ ഏറെ ദാരിദ്ര്യവും കഷ്ടപ്പാടും അനുഭവിക്കുന്നത്. ഇതിനർഥം, ഒന്നുകിൽ ദൈവവും ധർമവുമൊന്നുമില്ല. അഥവാ ഉണ്ടെങ്കിൽ ഞങ്ങളുടെ ഭാഗത്താണുള്ളത്. ഞങ്ങളെയാണല്ലോ അവൻ അനുഗ്രഹിക്കുന്നത്. വിശ്വാസിക

ളെന്നു പറഞ്ഞുനടക്കുന്ന ഈ ദരിദ്രപ്പരിഷകളുടെ പക്ഷത്ത് ഏതായാലും ദൈവമില്ല. മനുഷ്യാസ്തിത്വം ഈ ഭൗതികജീവിതം മാത്രമാണെന്ന് ഭ്രമിച്ച് അതിൽ ലഭിച്ച സുഖസൗകര്യങ്ങളിൽ നിഗളിക്കുകയാണവർ.

എന്നാൽ, ഭൗതികജീവിതത്തിൽ സമൃദ്ധിയും ദാരിദ്ര്യവുമുണ്ടാകുന്നത് ആളുകളുടെ സത്യബോധത്തിന്റെയും ധർമനിഷ്ഠയുടെയും ദൈവപ്രീതിയുടെയും മാനദണ്ഡവുമല്ല. സമ്പന്നതക്കും ദാരിദ്ര്യത്തിനും അല്ലാഹു ഭൗതികമായ കാര്യകാരണനിയമം നിശ്ചയിച്ചിട്ടുണ്ട്. ആ നിശ്ചയമനുസരിച്ച് ആർ സമ്പന്നരാകേണ്ടതുണ്ടോ അവർ സമ്പന്നരാകും. ദരിദ്രരാകേണ്ടവർ ദാരിദ്ര്യമനുഭവിക്കുകയും ചെയ്യും. മനുഷ്യർ സ്വകാര്യ ഉടമസ്ഥതയിൽ വെക്കുന്ന വിഭവങ്ങളുടെ മാത്രമല്ല, എല്ലാവിഭവങ്ങളുടെയും അവസ്ഥ ഇതുതന്നെയാണ്. വായുവും വെള്ളവും എന്നപോലെ ഇതര വിഭവങ്ങളും അല്ലാഹു എല്ലാവർക്കുമായി നൽകിയിട്ടുള്ളതാണ്. അതിനു വിശ്വാസി- അവിശ്വാസി വിവേചനമില്ല. മഴപെയ്യുന്നത് ധർമപാലകർക്കും നീതിമാന്മാർക്കും മാത്രമല്ല. വിശ്വാസി കൃഷിചെയ്താലും അവിശ്വാസി കൃഷിചെയ്താലും വിള ലഭിക്കും. അനാവൃഷ്ടിയോ കീടബാധയോ ഉണ്ടാകുന്നുവെങ്കിൽ രണ്ടു കൂട്ടരുടെയും വിള ഒരുപോലെ നശിക്കുന്നു. പണവും പ്രതാപവും സുഖഭോഗങ്ങളും ദാരിദ്ര്യവും ദുരിതവുമൊക്കെ സംഭവിക്കുന്നത് അല്ലാഹു അതിനായി നിശ്ചയിച്ച നിയമപ്രകാരമാക്കിയാൽ അതിന്റെയും ആത്യന്തിക നിമിത്തം അല്ലാഹുവിന്റെ ഇഛയാണ്.

മനുഷ്യ ജീവിതമെന്നാൽ ഈ ലോകത്തെ ഭൗതിക ജീവിതം മാത്രമാണെന്ന് ധരിച്ചുവശായി ഭൗതികനേട്ടങ്ങളിൽ അഹങ്കരിച്ചാഹ്ലാദിക്കുന്ന മൂഢന്മാർ സുഖഭോഗ സമൃദ്ധി തങ്ങളുടെ ജീവിതം അതിവിശിഷ്ടവും മഹാവിജയവുമാക്കിത്തീർത്തെന്ന വ്യാമോഹത്തിലാണ്. വിത്തത്തിനും അധികാരത്തിനുമപ്പുറം ജീവിത വിജയമോ സൗഭാഗ്യമോ ഇല്ല. അവ ലഭിച്ചതിലൂടെ തങ്ങളുടെ ചെയ്തികളെല്ലാം ന്യായീകരിക്കപ്പെട്ടിരിക്കുന്നു. മീതെ വല്ല അഭൗതികശക്തിയും തങ്ങളെ നിയന്ത്രിക്കുന്നുണ്ടെങ്കിൽ ആ ശക്തി തങ്ങളിൽ സംപ്രീതനാണെന്നതിന്റെ കൂടെ തെളിവാണീ സൗഭാഗ്യങ്ങൾ. ദാരിദ്ര്യത്തെയും ദുരിതത്തെയും ജീവിതത്തിന്റെ പരാജയമായും ശപ്താവസ്ഥയായും കണക്കാക്കപ്പെടുന്നതോടൊപ്പം, മനുഷ്യനു മീതെ ദൈവമൊന്നും ഇല്ലെന്നതിനും ഉണ്ടെങ്കിൽ തന്നെ അവൻ മനുഷ്യനോട് കാരുണ്യമുള്ളവനോ നീതിമാനോ അല്ലെന്നതിനു തെളിവായി ഉന്നയിക്കുകയും ചെയ്യുന്നു. പണ്ടുമുതലേ അവിശ്വാസികളും ധർമനിഷേധികളും അംഗീകരിച്ചുവന്ന ഈ വിചാരഗതിയാണ് പ്രായോഗികതാവാദം (Pragmatism) എന്ന ആധുനിക ദർശനത്തിന്റെ കാതൽ.

എന്നാൽ ഭൗതികജീവിതത്തിനു ശേഷം ഒരു പാരത്രിക ജീവിതമുണ്ടെന്നും അതാണ് ശാശ്വത ജീവിതമെന്നുമുള്ള യാഥാർഥ്യം പരിഗണിക്കുമ്പോൾ ഈ ഭൗതിക ജീവിതം അതീവതുഛമാണ്. പരലോകത്തെത്തുന്ന മനുഷ്യന്നു തോന്നുക ഒരു പകലിന്റെ ഏതാനും നാഴികകൾ മാത്രമേ താൻ ഭൗതികലോകത്തു വസിച്ചിട്ടുള്ളൂ എന്നായിരിക്കും. പാരത്രിക വിഭവങ്ങളെയും സുഖങ്ങളെയും അപേക്ഷിച്ച് ഈ ലോകത്തെ സുഖഭോഗങ്ങളെല്ലാം ക്ഷണികവും ക്ഷുദ്രവുമാണ്. ഭോഗവസ്തുക്കളെയും ഭോഗസുഖത്തെയും ഉൾക്കൊള്ളുന്നതാണ് متاع എന്ന മൂലപദം.

ഭൗതിക വിഭവങ്ങളിൽ ചിലർക്ക് സമൃദ്ധിയും ചിലർക്ക് ദൗർലഭ്യവും നേരിടേണ്ടി വരുമെന്ന പ്രകൃതി വിധിച്ചതിൽ അല്ലാഹുവിന്ന് വ്യക്തമായ ലക്ഷ്യമുണ്ട്. സമൃദ്ധി ലഭിച്ചവർ അല്ലാഹുവിനോട് നന്ദിയുള്ളവരാകുന്നുവോ എന്നും ദൗർലഭ്യമനുഭവിക്കുന്നവർ ക്ഷമിക്കുന്നുവോ എന്നും പരീക്ഷിക്കുകയാണത്. ഈ നന്ദിയും സഹനവുമാണ് ദീനാകുന്ന സൗധത്തിന്റെ അടിത്തറ. ഭൗതിക ജീവിതത്തിന്റെ ക്ഷുദ്രവിഭവങ്ങളിൽ മോഹിതരായി പരലോകം മറന്നവർ അല്ലാഹുവിനോട് നന്ദി കാണിച്ചവർക്കും സഹനമവലംബിച്ചവർക്കും അന്ത്യനാളിൽ ലഭിക്കുന്ന കർമഫലം കാണുമ്പോൾ എന്തുമാത്രം നിസ്സാരവും ക്ഷണികവുമായ ചരക്കിനു വേണ്ടിയാണ് അനശ്വരമായ യശസ്സും സുഖസൗഭാഗ്യങ്ങളും തങ്ങൾ നഷ്ടപ്പെടുത്തിയതെന്ന് സ്വയം മനസ്സിലാക്കും.

**27:** ءَايَةٌ (ദൃഷ്ടാന്തം) കൊണ്ട് ഉദ്ദേശിക്കുന്നത് ദിവ്യാത്ഭുത പ്രകടനമാണ്. പ്രവാചകൻ അമാനുഷമായ അത്ഭുതങ്ങൾ പ്രത്യക്ഷപ്പെടുത്തി കാണിക്കാതെ ഞങ്ങൾ അദ്ദേഹത്തിന്റെ പ്രബോധനത്തിൽ വിശ്വസിക്കുകയില്ല എന്നാണ് അവിശ്വാസികൾ പറഞ്ഞിരുന്നത്. അവരുടെ ഈ ആവശ്യം നേരത്തെ 7-ാം സൂക്തത്തിലും ഉദ്ധരിച്ചിട്ടുണ്ട്. ദൃഷ്ടാന്തങ്ങൾ പ്രത്യക്ഷപ്പെടുത്തുക പ്രവാചകന്റെ അധികാരത്തിൽ പെട്ടതല്ല, അത് എപ്പോൾ എങ്ങനെ പ്രത്യക്ഷപ്പെടുത്തേണമെന്ന് അല്ലാഹുവാണ് നിശ്ചയിക്കുന്നത്, പ്രവാചക സന്ദേശം സത്യമാണെന്ന് ബോധ്യപ്പെടുത്തുന്ന തെളിവുകളാണുദ്ദേശിക്കുന്നതെങ്കിൽ അത് പ്രപഞ്ചത്തിൽ എങ്ങും നിറഞ്ഞുകിടക്കുന്നുണ്ട്- ഇതാണ് അവിടെ നൽകിയ മറുപടിയുടെ സാരം. ഇവിടെ നൽകുന്ന മറുപടിയുടെ താൽപര്യം ഇതാണ്: മനുഷ്യന്റെ മാർഗദർശനത്തിനും മാർഗഭ്രംശത്തിനും അല്ലാഹു ചില നിമയങ്ങളും ചര്യകളും നിശ്ചയിച്ചിട്ടുണ്ട്. സന്മാർഗദർശനത്തിനുള്ള നിയമങ്ങളനുസരിച്ച് ചരിക്കുന്നവരേ സന്മാർഗസ്ഥരാകൂ. ദുർമാർഗത്തിന്റെ ചര്യകൾ സ്വീകരിക്കുന്നവർ ദുർമാർഗികളായിത്തീരുകതന്നെയാണ് ദൈവനിശ്ചയം. അല്ലാഹു ഉദ്ദേശിക്കുന്നവരെ വഴിതെറ്റിക്കുന്നു- إِنَّ ٱللَّهَ يُضِلُّ مَن يَشَآءُ എന്ന പ്രസ്താവനയുടെ ആശയം ഇതാണെന്ന് നേരത്തെ ഈ ദൃശ പ്രസ്താവനകൾ വന്ന സന്ദർഭങ്ങളിൽ വിശദീകരിച്ചിരിക്കുന്നു.

يُضِلُّ مَن يَشَآءُ ന്റെ മറുവശമായി يَهْدِى مَن يَشَآءُ (അവനിച്ഛരിക്കുന്നവരെ സന്മാർഗത്തിലാക്കുന്നു) എന്നാണ് പലസന്ദർഭങ്ങളിലും പറഞ്ഞിട്ടുള്ളത്. അതിൽനിന്ന് അൽപം വ്യത്യസ്തമായി وَيَهْدِىٓ إِلَيْهِ مَنْ أَنَابَ (മടങ്ങിയവരെ അവൻ തന്നിലേക്ക് മാർഗദർശനം ചെയ്യുന്നു) എന്നാണ് ഇവിടെ പറഞ്ഞിരിക്കുന്നത്. إنابةൽ നിന്നുള്ള ഭൂതക്രിയയാണ് أناب. മടങ്ങലാണ് إنابة. മടങ്ങുക എന്ന അർഥത്തിൽ സാധാരണ ഉപയോഗിക്കുന്ന പദം رجوع ആണ്. ഒരു പോക്ക് തെറ്റാണെന്ന് മനസ്സിലാക്കി കുറ്റബോധത്തോടെ അതിൽനിന്ന് ശരിയിലേക്ക് മടങ്ങുകയാണ് إنابة. ഈയർഥത്തിൽ إنابة തൗബയുടെ പര്യായമാണ്. ഖുർആൻ എന്തിൽനിന്ന് എന്തിലേക്ക് എന്ന് പറയാതെ تابയും أنابയും ഉപയോഗിക്കുമ്പോൾ അർഥം ശിർക്കിൽനിന്ന് തൗഹീദിലേക്കും അസത്യത്തിൽനിന്ന് സത്യത്തിലേക്കും അധർമത്തിൽനിന്ന് ധർമത്തിലേക്കും മടങ്ങി എന്നാണ്. മനുഷ്യന്റെ മൗലിക പ്രകൃതി താൽപര്യപ്പെടുന്നത് ഏകദൈവവിശ്വാസവും സത്യസന്ധതയും ധർമപാലനവുമാണ്. അതിൽനിന്നുള്ള വിട്ടുപോക്കാണ് ബഹുദൈവത്വവും (شرك) അസത്യവും (باطل) അധർമവും (ظلم). പ്രവാചകന്മാരുടെ പ്രബോധനവും പ്രാപഞ്ചിക ദൃഷ്ടാന്തങ്ങളും മനസ്സിലാക്കി തൗഹീദും സത്യവും ധർമവും കൈക്കൊള്ളുന്നത് ആ പോക്കിൽനിന്നുള്ള മടക്കമാണ്. وَيَهْدِىٓ إِلَيْهِ مَنْ أَنَابَ എന്ന വാക്യത്തിൽ സത്യത്തിലേക്കും അസത്യത്തിലേക്കുമുള്ള മാർഗങ്ങളേതാണെന്നതിന്റെ, അല്ലെങ്കിൽ ആർക്കാണല്ലാഹു

മാർഗഭ്രംശമുദ്ദേശിക്കുന്നത് ആർക്കാണ് സന്മാർഗമുദ്ദേശിക്കുന്നത്, എന്നതിന്റെ സൂചനകൂടിയുണ്ട്.

പ്രവാചകന്റെ പ്രബോധനവും പ്രാപഞ്ചിക ദൃഷ്ടാന്തങ്ങളും മനസ്സിലാക്കാൻ കൂട്ടാക്കാത്തവരാണ് സത്യം വിശ്വസിക്കാൻ ദിവ്യാത്ഭുതങ്ങൾ പ്രത്യക്ഷപ്പെടുത്തേണമെന്നാവശ്യപ്പെടുന്നത്. ആവശ്യപ്പെടുന്ന ദിവ്യാത്ഭുതങ്ങൾ കാണിച്ചുകൊടുത്താലും ഇക്കൂട്ടർ വിശ്വസിക്കാൻ പോകുന്നില്ല. മറ്റെന്തെങ്കിലും ന്യായമുന്നയിച്ച് അപ്പോഴും അവർ സത്യത്തിൽ നിന്നൊഴിഞ്ഞുമാറും. കണ്ണുണ്ടായിട്ടും അത് സത്യത്തിനുനേരെ ഇറുകെ അടച്ചു പിടിച്ചവരെ, ഇരുട്ടിൽ തന്നെ വിഹരിക്കാൻ വിടുകയാണ് അല്ലാഹുവിന്റെ ചര്യ. അത്ഭുതങ്ങൾ എത്രവേണമെങ്കിലും കാണിക്കാൻ അല്ലാഹുവിന്ന് ഒരു പ്രയാസവുമില്ല. പക്ഷേ, മനുഷ്യരെ അത്ഭുതങ്ങൾ കാട്ടി ഭ്രമിപ്പിച്ചു വശത്താക്കണമെന്നല്ല, അവർ യുക്തിയും ബുദ്ധിയും ഉപയോഗിച്ച് അവനെ കണ്ടെത്തമെന്നാണ് അവനുദ്ദേശിക്കുന്നത്.

**28,29:** طُمَأْنِينَة(طمئنان)ന്റെ വർത്തമാന ക്രിയാരൂപമാണ് تَطْمَئِنُّ. നിർഭയത്വം, സമാധാനം, അടക്കം, ദൃഢവിശ്വാസം എന്നൊക്കെ طُمْئنَان ന് അർഥമുണ്ട്. ഉദാത്തവും സുദൃഢവുമായ ദൈവബോധം മനസ്സിനു നൽകുന്ന അവാച്യമായ സമാധാനവും നിർഭയത്വവുമാണ് ഇവിടെ ഉദ്ദേശ്യം. ذِكْرِ ٱللَّهِ (ദൈവസ്മരണ) കൊണ്ടുദ്ദേശ്യം ദൃഷ്ടാന്തങ്ങളിലൂടെ വ്യക്തമാകുന്നതും ഖുർആൻ വിശദീകരിക്കുന്നതുമായ, അല്ലാഹുവിന്റെ വിശുദ്ധ ഗുണങ്ങളെയും അത്യുന്നതമായ ആധികാര ശക്തികളെയും സംബന്ധിച്ച ബോധമാണ്.

مَنْ أَنَابَ (മടങ്ങിയവർ) യുടെ ഗുണങ്ങൾ വിശദീകരിക്കുകയാണീ സൂക്തങ്ങൾ. അവർ സത്യം അംഗീകരിക്കുകയും തൗഹീദിൽ വിശ്വസിക്കുകയും ചെയ്യും. ആ വിശ്വാസം നാമമാത്രമായിരിക്കുകയില്ല; ഹൃദയത്തിലടിയുറച്ച ബോധ്യമായിരിക്കും. അല്ലാഹുവിന്റെ സർവസൽഗുണസമ്പൂർണതയെ സംബന്ധിച്ച ബോധം അവരുടെ മനസ്സിനെ പ്രശാന്തവും നിർഭയവുമാക്കുന്നു.

أَلَا بِذِكْرِ ٱللَّهِ تَطْمَئِنُّ ٱلْقُلُوبُ -കാതലായ ആശയത്തെ ഒന്നുകൂടി ഊന്നിപ്പറയുകയാണ്. മനസ്സിന്റെ സത്യപ്രകാശവും സമാധാനവും രക്ഷാബോധവുമാണാവശ്യമെങ്കിൽ അത് അത്ഭുതപ്രതിഭാസങ്ങൾ പ്രത്യക്ഷപ്പെടുന്നതിലൂടെ ലഭിക്കുന്നതല്ല. പ്രപഞ്ചനാഥന്റെ മഹത്വത്തെയും വിശുദ്ധിയെയും കാരുണ്യത്തെയും കുറിച്ച് ഓർക്കുന്നതിലൂടെയും ചിന്തിക്കുന്നതിലൂടെയുമാണതു ലഭിക്കുക. ദൈവദൂതന്റെ സന്ദേശം സ്വീകരിക്കുകയാണതിനുള്ള മാർഗം. അതു തള്ളിക്കളഞ്ഞുകൊണ്ട് ഏതുമാർഗം സ്വീകരിച്ചാലും ഇരുട്ടിലേ ചെന്നെത്തൂ.

ദൈവസ്മരണയിൽ മാത്രമാണ് മനസ്സുകൾ ശാന്തമാകുന്നത് എന്ന ആഖ്യാനത്തിന് പല അർഥതലങ്ങളുണ്ട്. മനുഷ്യന്റെ എല്ലാ അന്വേഷണങ്ങളുടെയും ആത്യന്തികലക്ഷ്യം സമാധാനവും സുരക്ഷയുമാണ്. സത്യമേത്, ധർമമെന്ത് എന്നന്വേഷിക്കുന്നവൻ ഒടുവിൽ എത്തിച്ചേരേണ്ട ബിന്ദുവാണ് അല്ലാഹു. ഈ ബിന്ദുവിലെത്തിച്ചേരാത്തതോ മറ്റേതെങ്കിലും ബിന്ദുവിലെത്തിച്ചേർന്നതോ ആയ അന്വേഷകരിൽ അസ്വസ്ഥതയും സംത്രാസവും അവശേഷിക്കുന്നു. പലതരം ആശകളും ആശങ്കകളും അവരെ സംഭ്രമിപ്പിക്കുകയും പ്രലോഭിപ്പിക്കുകയും പ്രകോപിപ്പിക്കുകയും ചെയ്തുകൊണ്ടിരിക്കും. ആഘോഷങ്ങളിലും ആനന്ദങ്ങളിലും ആറാടുമ്പോൾ പോലും ആസക്തികളും മോഹങ്ങളും സൃഷ്ടിക്കുന്ന മാത്സര്യങ്ങൾ വേട്ടയാടിക്കൊണ്ടിരിക്കും. സത്യാന്വേഷണം അല്ലാഹുവിലെത്തുകയെന്നാൽ സത്യത്തിലെത്തുകയാണ്. അതോടെ സന്ദേഹവും സംത്രാസവുമകന്ന് മനസ്സ് ശാന്തവും പ്രകാശമാനവുമാകുന്നു.

പ്രതിസന്ധിഘട്ടങ്ങളിൽ ദൈവസ്മരണ മനുഷ്യന് രക്ഷാബോധവും ആത്മവിശ്വാസവും പകരുന്നു. അതുകൊണ്ടാണ് ദൈവവിശ്വാസമില്ലാത്തവർപോലും ആപൽസന്ധികളിൽ അറിയാതെയെങ്കിലും 'ദൈവമേ' എന്നു വിളിച്ചുപോകുന്നത്. വിശ്വാസികളെ സംബന്ധിച്ചേടത്തോളം ദൈവസ്മരണ ദൈവസാന്നിധ്യം തന്നെയാണ്. ഏതു പ്രക്ഷുബ്ധവേളയിലും ആപൽസന്ധിയിലും താൻ ഒറ്റക്കല്ല, സർവശക്തനും കരുണാമയനുമായ പ്രപഞ്ചനാഥൻ തന്നോടൊപ്പമുണ്ട് എന്നബോധം അവർക്ക് ആത്മധൈര്യവും സമാധാനവും പകരുന്നു.

സ്ഥായിയായ മനശ്ശാന്തിയും സമാധാനവും ലഭിക്കാൻ അല്ലാഹുവിലുള്ള നാമമാത്രമായ വിശ്വാസം പോരാ, അവന്റെ മഹത്വത്തെക്കുറിച്ചും അവകാശങ്ങളെക്കുറിച്ചും അവനോടു തനിക്കുള്ള ബാധ്യതകളെക്കുറിച്ചുമുള്ള നിതാന്തബോധവും കൂടി വേണം എന്നതാണ് ഈ വാക്യത്തിന്റെ മറ്റൊരാശയം.

അല്ലാഹുവിൽ വിശ്വസിക്കുകയും വിശ്വാസത്തിൽ മനസമാധാനം കണ്ടെത്തുകയും ചെയ്യുന്നവരുമാണ് യഥാർഥത്തിൽ സത്യവിശ്വാസികളും സൽകർമചാരികളുമാകുന്നത്. അവർക്ക് സുവിശേഷവും ശുഭാശംസകളുമുണ്ട്. അവരാണ് ഈ ലോകത്ത് വിശിഷ്ടരായിത്തീരുക. പരലോകത്ത് അനുഗൃഹീതമായ പരിണതി പ്രാപിക്കുന്നവരും അവരായിരിക്കും. സത്യം സ്വീകരിക്കാൻ ദിവ്യാത്ഭുത പ്രകടനങ്ങൾ കാത്തുകഴിയുന്നവരോ, ബൗദ്ധികവും ദാർശനികവുമായ അന്ധകാരങ്ങളിൽ തപ്പിത്തടഞ്ഞ് ഒടുവിൽ അഭിശപ്തമായ നരകവാരിധിയിലായിരിക്കും ചെന്നുചാടുക.

طُوبَىٰ لَهُمْ ആണ് 'അവർക്ക് മംഗളാശംസകൾ' എന്ന് തർജമ ചെയ്തിട്ടുള്ളത്. طيّب ൽ നിന്നുള്ളതാണ് طوبى. എല്ലാ നിലയിലും വിശിഷ്ടമായതാണ് طيّب. നാവിനു രുചിയും ശരീരത്തിന് പോഷണവും നൽകുന്ന വിശിഷ്ട വിഭവത്തിന് طعام طيّب എന്നു പറയുന്നു. طاب യാണ് طيّب ന്റെ ക്രിയാരൂപം. അതിന്റെ ആശംസാ രൂപമാണ് طوبى. വിശിഷ്ടമായിരിക്കട്ടെ, അനുഗൃഹീതമാകട്ടെ (Be blessed) എന്നർഥം. സ്വർഗത്തിൽ അനശ്വരജീവിതവും അക്ഷയ സൗഭാഗ്യവും നേരുകയാണിവിടെ എന്ന് വ്യാഖ്യാതാക്കൾ പൊതുവിൽ അഭിപ്രായപ്പെട്ടിരിക്കുന്നു. طوبى സ്വർഗത്തിലെ ഒരുവിശിഷ്ട വൃക്ഷമാണെന്നും അതു വിശ്വാസികൾക്കുള്ളതാണെന്ന് സുവിശേഷം നൽകുകയാണിവിടെയെന്നും വേറെ ചിലർ അഭിപ്രായപ്പെട്ടിട്ടുണ്ട്. آب യിൽനിന്നുള്ള സ്ഥലനാമമാണ് مَـَٔابٍ. 'താബ'യുടെയും 'അനാബ'യുടെയും മറ്റൊരു പര്യായമാണ് ആബ. تاب എന്ന അർഥത്തിൽ ആബ ഇലല്ലാഹി എന്നു പറയും. ഇവിടെ മടക്കസ്ഥാനം കൊണ്ടുദ്ദേശ്യം വിശ്വാസിയുടെ പരിണതിയും പര്യവസാനവുമായ സ്വർഗമാകുന്നു. ■